(സി) കരിയർ ഇൻഫർമേഷൻ, വ്യക്തിഗത ഗൈഡൻസ്, ഗ്രൂപ്പ് ഗൈഡൻസ്, കരിയർ കൗൺസിലിങ്, കരിയർ ഇന്ററസ്റ്റ് ഗോൾ സെറ്റിംഗ്, പ്രീ ഇന്റർവ്യൂ പരിശീലനം, വ്യക്തിത്വ വികസന പരിപാടികൾ, അനുയോജ്യമായ കോഴ്സുകളുടെ തെരഞ്ഞെടുപ്പുകൾ എന്നിവയിലൂടെയും മത്സരപ്പരീക്ഷാ പരിശീലന പരിപാടികൾ, മോക്ക് ഇന്റർവ്യൂ എന്നിവയിലൂടെയും മികച്ച കോഴ്സുകളും തൊഴിലും നേടിയെടുക്കാൻ ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുക, കൂടാതെ വിദ്യാഭ്യാസ മേഖലയിലുണ്ടാകുന്ന പുതിയ കോഴ്സുകളെക്കുറിച്ചും തൊഴിൽ മേഖലയിലെ നൂതന പ്രവണതകളെക്കുറിച്ചും അറിവ് പകർന്നു നൽകുക, ഉദ്യോഗാർത്ഥിയുടെ സ്കിൽ, എബിലിറ്റി, ആപ്റ്റിറ്റ്യൂഡ് എന്നിവ ടെസ്റ്റ് ചെയ്ത് തൊഴിലിനുള്ള സ്വീകാര്യതയും നിലവാരവും മനസ്സിലാക്കി കൊടുക്കുക, നൈപുണ്യ പരിശീലനം നൽകി പ്രൊഫഷണൽ സമീപനം ഉള്ളവരാക്കി മാറ്റുക തുടങ്ങിയവയാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ മുഖേന വിദ്യാർത്ഥികൾക്കും തൊഴിലന്വേഷകർക്കും ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നത്. കൂടാതെ തൊഴിലന്വേഷകരായ ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയബിലിറ്റി സെന്ററുകൾ സംഘടിപ്പിക്കുന്ന ജോബ് ഫെസ്റ്റുകളിൽ പങ്കെടുക്കുന്നതിനുള്ള അവസരവും ഉണ്ടാക്കിക്കൊടുക്കുന്നു.

(ഡി) നിലവിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും പാലക്കാട് ജില്ലയിലെ ചിറ്റൂരിലും.

(ഇ) തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകരയിൽ സി.ഡി.സി. ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മറ്റ് ജില്ലകളിലെ സാദ്ധ്യത പരിശോധിച്ചുവരുന്നു.

**ക്ഷീരോല്പാദന, മൃഗസംരക്ഷണ മേഖലയിൽ സമഗ്ര ഇൻഷ്വറൻസ് പദ്ധതി**

21(*231) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദന,മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് പ്രഖ്യാപിച്ചിട്ടുള്ള സമഗ്ര ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ബി) രാത്രികാലങ്ങളിലുൾപ്പെടെ സേവനം ലഭിക്കുന്ന രീതിയിൽ മൃഗചികിത്സാ സംവിധാനം വ്യാപിപ്പിക്കുന്നതിനും മരുന്ന് ലഭ്യത ഉറപ്പാക്കുന്നതിനും കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) വായ്പയെടുത്ത് കടക്കെണിയിലായ ക്ഷീര കർഷകരെ സഹായിക്കാനായി കടാശ്വാസ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) കന്നുകാലികളുടെ മരണംമൂലവും ഉൽപ്പാദനശേഷി നഷ്ടപ്പെടുന്നതുമൂലവും കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽത്തന്നെ നിലനിർത്തുന്നതിന് ലക്ഷ്യമിട്ട് വിഭാവനം ചെയ്തിരിക്കുന്ന കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയാണ് ഗോസമൃദ്ധി. സംസ്ഥാന ബഡ്ജറ്റിൽ പുതിയ പദ്ധതി പ്രഖ്യാപിച്ചതു വഴി കേന്ദ്ര സഹായത്തിന്റെ അഭാവത്തിലും ക്ഷീരകർഷകർക്ക് അവരുടെ വിലയേറിയ ഉരുക്കളുടെ നഷ്ടത്തിൽനിന്നും സംരക്ഷണം ഉറപ്പുവരുത്താൻ കഴിയും എന്നതാണ് പ്രത്യേകത. ഗോസമൃദ്ധി പദ്ധതിക്ക് 2017-18 സാമ്പത്തിക വർഷം 5 കോടി രൂപ നീക്കിവച്ചിരിക്കുന്നു.

ഇതിനുപുറമേ ഇൻഷ്വറൻസ് പരിരക്ഷ, മറ്റുമാർഗ്ഗങ്ങളിൽ നിന്നുമുള്ള നഷ്ടപരിഹാരം എന്നിവ ലഭിക്കാത്ത കർഷകർക്ക് തങ്ങളുടെ ഉരുക്കൾ നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരം നൽകുന്നതിന് ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ, മേഖലാ യൂണിയനുകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് ക്ഷീരവികസന വകുപ്പ് മുഖേന കർഷകരെയും അവരുടെ കുടുംബാംഗങ്ങളെയും കറവമാടുകളെയും ഉൾപ്പെടെ ഇൻഷ്വർ ചെയ്യുന്നതിനുള്ള ഒരു സമഗ്ര പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു. ഈ പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷകൾക്ക് പുറമേ ചികിത്സാ സഹായവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി)

- മൃഗാശുപത്രികൾക്ക് മരുന്ന് വാങ്ങുന്നതിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 12 കോടി രൂപയിൽനിന്നും 15 കോടി രൂപയായി വർദ്ധിപ്പിച്ചു.
- രാത്രികാല അടിയന്തര വെറ്ററിനറി സേവനത്തിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 5.41 കോടി രൂപയിൽനിന്നും 6.12 കോടി രൂപയായി വർദ്ധിപ്പിച്ചു. ഇതോടെ രാത്രികാല അടിയന്തര വെറ്ററിനറി സേവനം ലഭ്യമാവുന്ന ബ്ലോക്കുകളുടെ എണ്ണം 85 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ക്ഷീരകർഷകരെ സഹായിക്കുന്നതിനായി 2016-17-ൽ കടാശ്വാസ പദ്ധതി പ്രകാരം 5 കോടി രൂപ അനുവദിക്കുകയും ടി തുക പൂർണ്ണമായി വിനിയോഗിക്കുകയും അതിന്റെ പ്രയോജനം 2285 കർഷകർക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly